ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. കരാറുകാരനെതിരെ നടപടി സ്വീകരിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) പ്രസക്തമല്ല.

അസിസ്റ്റന്റ് എഞ്ചിനീർമാരുടെ സൂപ്പർ ന്യൂമററി തസ്തിക

70 (1798) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിയമനത്തിന് 30-3-2008-ൽ പരീക്ഷ നടത്തി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ ഏത് ഏജൻസിയാണ് പരീക്ഷ നടത്തിയത് ; എത്രപേരെ പ്രസ്തുത ലിസ്റ്റിൽനിന്നും നിയമിച്ചു ;

(ബി) മലിനീകരണനിയന്ത്രണ ബോർഡിലെ നിയമനങ്ങളിൽ സംവരണതത്വം പാലിക്കാറുണ്ടോ ; എങ്കിൽ അതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം സംബന്ധിച്ച ഉത്തരവിന്റെയോ, ചട്ടത്തിന്റെയോ കോപ്പി ലഭ്യമാക്കുമോ ;

(സി) നിലവിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകളിൽ ഇതേവരെ നടത്തിയ നിയമനങ്ങളിൽ ഈ സംവരണ തത്ത്വമനുസരിച്ച് എത്ര പട്ടികജാതിക്കാർക്കും മുസ്ലീങ്ങൾക്കും നിയമനം ലഭിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഡി) നിലവിൽ മൊത്തം എത്ര അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകളുണ്ട് എന്നും എത്ര ഒഴിവുകളുണ്ടെന്നും വിശദമാക്കുമോ ;

(ഇ) 12-10-2010-ലെ 8040/ഉപസി3/ഉഭപവ. നമ്പർ ഉത്തരവുപ്രകാരം സൂപ്പർ ന്യൂമററിയായി എത്ര അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(എഫ്) സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം സൂപ്പർ ന്യൂമററി തസ്തികകൾ അടിയന്തരമായി സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിയമനത്തിന് 30-3-2008-ൽ പരീക്ഷ നടത്തി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (IMG) എന്ന ഏജൻസിയാണ് പരീക്ഷ നടത്തി ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത ലിസ്റ്റിൽനിന്നും 39 പേരെ നിയമിച്ചു.

(ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡ പ്രകാരം സംവരണതത്വം പാലിച്ച് ഐ.എം.ജി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നുമാണ് നിയമനം നടത്തിയിട്ടുള്ളത്. ഇതുസംബന്ധിച്ച മാനദണ്ഡങ്ങളും ചട്ടങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 30-3-2008-ൽ നടത്തിയ ടെസ്റ്റ്പ്രകാരം നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും 5 പട്ടികജാതിക്കാർക്കും 5 മുസ്ലീങ്ങൾക്കും നിയമനം ലഭിച്ചിട്ടുണ്ട്.

(ഡി) ബോർഡിൽ ആകെ 32 അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകൾ ഉണ്ട്. ഈ തസ്തികകയിൽ നിലവിൽ ഒഴിവുകൾ ഒന്നുംതന്നെ ഇല്ല.

(ഇ) 2010 മാർച്ച് 31-ൽ ബോർഡിന്റെ സാങ്കേതിക വിഭാഗത്തിൽനിന്നും ആരും റിട്ടയർ ചെയ്തിട്ടില്ലാത്തതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

(എഫ്) ബാധകമല്ല.

സാമൂഹ്യ സുരക്ഷാമിഷൻ

71 (1799) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യസുരക്ഷാ മിഷൻ എന്ന സ്ഥാപനം ആരംഭിച്ചതെന്നാണ് ; ഈ സ്ഥാപനത്തിൽ 1-6-2005-ൽ എത്ര ജീവനക്കാരുണ്ടായിരുന്നു ; സ്ഥിരം ജീവനക്കാരെത്ര ; താൽക്കാലിക ജീവനക്കാരെത്ര ;

(ബി) ചട്ടങ്ങൾ പ്രകാരം നിലവിലുള്ള നിയമനരീതി എന്താണെന്ന് വിശദമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം എത്രപേരെ പിരിച്ചുവിട്ടു ; എത്ര പേരെ പുതുതായി നിയമിച്ചു ; പി.എസ്.സി. അനുമതിയോടെ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ; വിശദവിവരം നൽകുമോ ;

(ഡി) പി. എസ്.സി. യുടെ അനുമതിയില്ലാതെ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഇ) 31-12-2010-ൽ ഈ സ്ഥാപനത്തിൽ എത്ര ജീവനക്കാരുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് (എംഎസ്.)56/2008/സാ.ക്ഷേ.വ. തീയതി 14-10-2008 പ്രകാരം കേരള സാമൂഹ്യ സുരക്ഷാമിഷൻ 10-12-2008 മുതൽ പ്രവർത്തനമാരംഭിച്ചു. 1-6-2005-ൽ ഈ സ്ഥാപനം രൂപീകൃതമായിരുന്നില്ല.

(ബി) നിലവിലുള്ള ചട്ടപ്രകാരം ഡെപ്യൂട്ടേഷൻ/കരാർ/റീഡിപ്ലോയ്മെന്റ്/ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിച്ചുവരുന്നു.

(സി&ഡി) സ്ഥാപനം നിലവിൽവന്നശേഷം വിവിധ കാലയളവുകളിലായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനംനേടിയ രണ്ടുപേരും കരാർ വ്യവസ്ഥയിൽ നിയമനംനേടിയ മൂന്നുപേരും സ്വന്തം ഇഷ്ടപ്രകാരം പിരിയുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly